# കുമ്പസാരം: സഭയുടെ കോടതി നടപടി

റവ. ഡോ. ബർക്കുമാൻസ് കൊടയ്ക്കൽ

നാം നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണ്. ധാരാളം പേർ കുമ്പസാരിക്കുന്ന കാലമാണിത്. ചിലർക്ക് ഇത് വെറും ഒരു അനുഷ്ഠാനമായിത്തീർന്നിട്ടു്; ഫലപ്രദമായ കൂദാശ സ്വീകരണമായിത്തീരുന്നില്ല. ഫലപ്രദമായി കുമ്പസാരിക്കേത് എങ്ങിനെയെന്ന് അറിയാൻ പാടില്ലാത്തവരുമു്. കുമ്പസാരം സഭയിൽ തുടങ്ങിയത് എങ്ങിനെയാണെന്നും എന്തിനാണെന്നും അതിന്റെ പശ്ചാത്തലത്തിൽ കുമ്പസാരം ഫലപ്രദമായി എങ്ങിനെ നടത്തണമെന്നും വ്യക്തമാക്കുകയാണ് ഈ ലേഖനത്തിൽ.

“കൊൺഫെസാർ” എന്ന പോർച്ചുഗീസ് വാക്കിൽനിന്നാണ് “കുമ്പസാരിക്കുക” എന്ന മലയാളവാക്ക് രൂപപ്പെട്ടത്. “തെറ്റുകൾ ഏറ്റു പറയുക” എന്നാണ് ഈ വാക്കിന്റെ അർത്ഥം. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിന്റെ കാനോനയിലാണ് കുമ്പസാരം എന്ന വാക്ക് ആദ്യമായി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നത്. പോർച്ചുഗീസുകാരുടെ വരവിന് മുമ്പ് “പിഴമൂളുക” എന്ന വാക്കാണ് മലയാളത്തിൽ ഉപയോഗിച്ചിരുന്നത്.

ഒരു സമൂഹത്തിന്റെ നിലനില്പും സുസ്ഥിതിയും വളർച്ചയും ആ സമൂഹത്തിലെ വ്യക്തികളുടെ ധാരണകളെയും പെരുമാറ്റങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത്. വ്യക്തികൾ അർപ്പണബോധമുള്ളവരും നന്മ കാംക്ഷിക്കുന്നവരും സഹവർത്തിത്വം ഉള്ളവരും ആണെങ്കിൽ സമൂഹത്തിൽ സംതൃപ്തിയും സന്തോഷവും ഉാകും. എന്നാൽ, സ്വാർത്ഥചിന്തകൾ ശക്തമാകുമ്പോൾ അവയിൽനിന്നും മുളയെടുക്കുന്ന തിന്മകൾ സമൂഹത്തെ വിഷലിപ്തമാക്കുകയും തളർത്തുകയും ചെയ്യും. അതിനാൽ, സമൂഹത്തിന്റെ സുസ്ഥിതിക്കുവേി, തെറ്റു ചെയ്യുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിരുന്നതായി ആദിമകാലം മുതലുള്ള ചരിത്രത്തിൽനിന്നും വ്യക്തമാണ്. തെറ്റുതിരുത്താനുള്ള ആഹ്വാനമാണ് ശിക്ഷാനടപടികളിലൂടെ നല്കിയിരുന്നത്. ഇതേ ഉദ്ദേശ്യത്തോടെ പിന്നീട് നിയമങ്ങൾ ക്രോഡീകരിക്കപ്പെട്ടു. ഗൗരവമേറിയ തെറ്റു ചെയ്ത് സമൂഹത്തിൽ ഉതപ്പുാക്കിയവരെയും തീരെ ഉൾക്കൊള്ളാൻ കഴിയാത്തവരെയും സമൂഹത്തിൽനിന്നും പുറത്താക്കുക കൂടി ചെയ്തിരുന്നു. സഭയിലും അങ്ങനെതന്നെയാണ് ശിക്ഷാനടപടികൾ രൂപപ്പെട്ടത്. തെറ്റുതിരുത്താനുള്ള ഉപാധിയായാണ് കുമ്പസാരം ഉടലെടുത്തത്. തിന്മ ചെയ്തതിൽ പശ്ചാത്തപിച്ച് മാനസാന്തരത്തിലൂടെ പുണ്യവഴികളിൽ സഞ്ചരിക്കാൻ എല്ലാ മതങ്ങളും ചില അനുഷ്ഠാനങ്ങളിലൂടെ വിശ്വാസികൾക്ക് അവസരമൊരുക്കുന്നു്.

ആദിമസഭയിൽ പാപികളെ സഭയിൽനിന്ന് മാറ്റിനിർത്തിയിരുന്നു. പൗലോസ് ശ്ലീഹായുടെ കൊറിന്തോസ്കാർക്കുള്ള ഒന്നാം ലേഖനത്തിൽ (5 :1-13) ഇക്കാര്യം സൂചിപ്പിക്കുന്നു്. കൊലപാതകം, വ്യഭിചാരം, വിഗ്രഹാരാധന തുടങ്ങിയ ഗൗരവമേറിയ കുറ്റങ്ങൾ ചെയ്തിരുന്നവരെയാണ് പുറത്താക്കിയിരുന്നത്. എങ്കിലും തെറ്റു തിരുത്തി പശ്ചാത്തപിച്ച് തിരിച്ചുവരുന്നതിന് അവസരവും നല്കിയിരുന്നു. കുമ്പസാരം നടത്തി കർക്കശമായ പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്താൽ മാത്രമാണ് തിരിച്ചുവരാൻ അനുവാദമുായിരുന്നുള്ളൂ. തെറ്റുകൾ ആവർത്തിക്കുന്നവരെ സഭയിൽ തിരിച്ചെടുത്തിരുന്നില്ല. ജീവിതത്തിൽ ഒരു കുമ്പസാരം മാത്രമേ അനുവദിച്ചിരുന്നുള്ളു. അതിനാൽ, കുമ്പസാരിക്കുന്നത് മരണത്തോടടുക്കുന്നതുവരെ നീട്ടിക്കൊുപോകാനുള്ള പ്രവണത പാപികളുടെ ഭാഗത്തുായിരുന്നു. ഒരു കുമ്പസാരം മാത്രം അനുവദിച്ചാൽ മതിയെന്ന അഭിപ്രായം സഭാപിതാവായ തെർത്തുല്യനും സ്വീകരിച്ചിരുന്നതായി രേഖകളു്. തെറ്റു ചെയ്യുന്നവർക്ക് യഥാർത്ഥ മന:സ്താപം ഉായിരിക്കണമെന്നും മേലിൽ തെറ്റ് ചെയ്യില്ലെന്ന ഉറച്ച തീരുമാനമുായിരിക്കണമെന്നും ആയിരുന്നു സഭയുടെ നിലപാട്. സഭാമക്കൾ വിശുദ്ധ ജീവിതം നയിക്കാൻ വിളിക്കപ്പെട്ടവരാണെന്ന ബോദ്ധ്യം ഉറപ്പിക്കുകയായിരുന്നു ഈ നിലപാടിലൂടെ. മെത്രാന്റെ പക്കലാണ് കുമ്പസാരം നടത്തേിയിരുന്നത്. കുമ്പസാര രഹസ്യം കാത്തുസൂക്ഷിക്കണമായിരുന്നെങ്കിലും ശിക്ഷാനടപടികൾ പരസ്യമായിരുന്നു. മാംസവർജ്ജനം, ഉപവാസം, തലമൊട്ടയടിക്കൽ, ഷേവ് ചെയ്യാതിരിക്കൽ, ചാക്കുടുക്കൽ, ചാരംപൂശൽ, ചങ്ങലധരിക്കൽ, കുരിശുപിടിച്ച് കുർബാനയിൽ പങ്കുകൊള്ളൽ, പള്ളിയുടെ വാതിൽക്കൽനിന്ന് ഓരോരുത്തരോടും പ്രാർത്ഥന യാചിക്കൽ, ജീവിത പങ്കാളിയുമായുള്ള ലൈംഗികബന്ധം ഉപേക്ഷിക്കൽ തുടങ്ങിയവയായിരുന്നു പ്രായശ്ചിത്തമായി കല്പിച്ചിരുന്നത്. പ്രായശ്ചിത്തങ്ങൾ നിറവേറ്റിയശേഷം പാപമോചനം എന്നതായിരുന്നു നിലപാട്. പെസഹാ വ്യാഴാഴ്ചയാണ് മെത്രാന്മാർ കുമ്പസാരം കേട്ടിരുന്നതും പ്രായശ്ചിത്തം കല്പിച്ചിരുന്നതും.

ജീവിതത്തിൽ ഒരു കുമ്പസാരം മാത്രം എന്ന നിലപാട് 7-ാം നൂറ്റാുവരെ കർക്കശമായിരുന്നു. എങ്കിലും ഇതിനിടെ പൗരസ്ത്യ സന്ന്യാസാശ്രമങ്ങളിൽ സന്ന്യാസികൾ തങ്ങളുടെ ലഘുപാപങ്ങളും പോരായ്മകളും

സന്ന്യാസ ശ്രേഷ്ടന്റെ പക്കൽ കുമ്പസാരിക്കുന്ന പതിവ് ഉടലെടുത്തിരുന്നു. ജീവിതവിശുദ്ധിയായിരുന്നു ലക്ഷ്യം. സാവകാശം, ചുറ്റുപാടുമുള്ള ജനങ്ങൾ സന്ന്യാസ ശ്രേഷ്ഠന്റെ പക്കൽ അതേലക്ഷ്യംവച്ച് അനുതാപത്തോടെ കുമ്പസാരത്തിനണയാൻ തുടങ്ങി. സഭാധികാരികൾ അത് വിലക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്തിരുന്നെങ്കിലും ഈ പതിവ് കൂടുതൽ പ്രചരിപ്പിക്കപ്പെടുകയാണുായത്. പാശ്ചാത്യസഭയിലും ഇത് അംഗീകരിക്കപ്പെടുകയുായി. 8-ാം നൂറ്റാോടുകൂടി, വർഷത്തിൽ 3 പ്രാവശ്യം കുമ്പസാരിക്കാനുള്ള അനുവാദമുായി. A.D. 1215-ൽ 4-ാം ലാറ്ററൻ സൂനഹദോസാണ് മാരകപാപം ചെയ്തവർ വർഷത്തിലൊരിക്കലെങ്കിലും കുമ്പസാരിക്കണമെന്ന് നിഷ്ക്കർഷിച്ചത്. പെസഹാക്കാലത്താണ് ഈ കുമ്പസാരം നടത്തേതെന്നായിരുന്നു നിർദ്ദേശം. കുമ്പസാരിപ്പിക്കുന്ന ആൾ പൗരോഹിത്യപട്ടം സ്വീകരിച്ചയാളും പാപം മോചിപ്പിക്കാൻ പ്രത്യേക അധികാരം ലഭിച്ചയാളും ആയിരിക്കണമെന്നും നിശ്ചയിക്കപ്പെട്ടു. പ്രത്യേകം അധികാരം നല്കപ്പെടാതെ വൈദികൻ പാപം മോചിക്കുന്നത് ത്രെന്തോസ് സൂനഹദോസ് (A.D 1545-1563) വിലക്കി എന്നതും എടുത്തു പറയേ കാര്യമാണ്. ഈ പ്രത്യേക അധികാരം ജഡ്ജിയുടെ അധികാരമാണ്. സഭയിലെ നീതിനിർവ്വഹണക്കോടതിയുടെ പ്രവർത്തനംതന്നെയാണ് കുമ്പസാരത്തിലൂടെ നടക്കുന്നതെന്ന് ത്രെന്തോസ് സൂനഹദോസ് പഠിപ്പിച്ചു.

പൗരസ്ത്യ കാനൻ നിയമവും (CCEO) ലത്തീൻ കാനൻ നിയമവും (CIC) കുമ്പസാരത്തെ സംബന്ധിച്ചുള്ള നിലപാടുകൾ വ്യക്തമാക്കുന്നു്. മാർപാപ്പാ, കർദ്ദിനാളന്മാർ, മെത്രാന്മാർ എന്നിവർക്ക് ലോകത്തെവിടെയും ആരുടെയും കുമ്പസാരം കേൾക്കാനും പാപം മോചിക്കാനും അധികാരമു്. എങ്കിലും എതെങ്കിലും സ്ഥലത്തെ മെത്രാൻ നിഷേധിച്ചാൽ ഒരു മെത്രാന് ഈ അധികാരം അവിടെ ഉപയോഗിക്കാൻ കഴിയുകയില്ല (CIC. c.967, CCEO.c.722). മെത്രാൻ പ്രത്യേകം നല്കുന്ന അധികാരത്താൽ മാത്രമേ പുരോഹിതർ കുമ്പസാരിപ്പിക്കാവൂ. ഏതെങ്കിലും സ്ഥലത്തെ മെത്രാൻ നിഷേധിക്കാത്തിടത്തോളം അധികാരം ലഭിച്ചിട്ടുള്ള ഏതൊരു പുരോഹിതനും എവിടെയും കുമ്പസാരിപ്പിക്കാം. മരണാപകടത്തിൽ കഴിയുന്നവരെ കുമ്പസാരിപ്പിക്കാൻ ഏതു വൈദികനും - വൈദികവൃത്തി ഉപേക്ഷിച്ചെങ്കിൽപ്പോലും - അധികാരമു്. (CIC. c. 967, CCEO.c.725). ഒരു കത്തോലിക്കാ പുരോഹിതന്റെ പക്കൽ കുമ്പസാരിക്കാൻ ഗൗരവമേറിയ തടസ്സങ്ങളുങ്കെിൽ അകത്തോലിക്കാ വൈദികന്റെ പക്കൽ കുമ്പസാരിക്കാനും നിയമം അനുവദിക്കുന്നു് (CIC.c. 844, CCEO.c.671). ഗൗരവമേറിയ പാപങ്ങൾ ചെയ്തു എന്ന് ബോധ്യമുള്ള ആൾ തെറ്റിന്റെ ഗൗരവം മറച്ചുവയ്ക്കാതെ കഴിവതും വേഗം കുമ്പസാരിക്കണം (CIC.c.988; CCEO.c.719). ഗൗരവമേറിയ പാപം ചെയ്ത ആൾ വർഷത്തിലൊരിക്കൽ കുമ്പസാരിക്കണമെന്ന് ലത്തീൻ കാനൻ നിയമം എടുത്തുപറയുന്നു് (c. 989). ഗൗരവമേറിയ പാപങ്ങൾ ഇല്ലെങ്കിലും, പ്രത്യേകിച്ച് നോമ്പുകാലങ്ങളിൽ, ഇടയ്ക്കിടക്ക് കുമ്പസാരിക്കാനും വിശുദ്ധി കാത്തുസൂക്ഷിക്കാനും നിയമം നിർദ്ദേശിക്കുന്നുുതാനും (CIC.c 988,2 ; CCEO. c. 719).

സഭയുടെ "പ്രത്യേക ജഡ്ജി"യാണ് കുമ്പസാരം കേൾക്കാൻ നിയോഗിക്കപ്പെട്ട വൈദികൻ. സഭക്ക് രുതരം കോടതികളു്. പരസ്യമായ കോടതിയും (External Forum) രഹസ്യമായ കോടതിയും (Internal Forum). പരസ്യമായ കോടതിയിൽ ഒരാൾ മറ്റൊരാൾക്കെതിരെ പരാതി പറയുകയും തനിക്ക് നീതി നടപ്പാക്കിത്തരണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. ജഡ്ജി കേസ് വിശദമായി പഠിച്ച്, കിട്ടുന്ന തെളിവിന്റെ അടിസ്ഥാനത്തിൽ വിധി പറയുകയാണ്. രഹസ്യമായ കോടതി സംവിധാനമാണ് കുമ്പസാരം. ഒരാൾ സ്വന്തം കുറ്റങ്ങൾ ബോദ്ധ്യപ്പെട്ട് മനസ്താപത്തോടെ രഹസ്യമായി പാപങ്ങൾ ഏറ്റുപറയുന്നു. പാപത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കുകയും നിരുപാധികം മാപ്പിനായി അപേക്ഷിക്കുകയും ചെയ്യുന്നു. മറ്റൊരാളിൽ പഴി ചാരുന്നില്ല; തെറ്റിന് ന്യായീകരണങ്ങളൊന്നും അവതരിപ്പിക്കുന്നുമില്ല. കുമ്പസാരം കേൾക്കുന്ന "ജഡ്ജി" പാപമോചനം നല്കുകയും തെറ്റുകൾക്ക് പ്രായശ്ചിത്തം കല്പിക്കുകയും ചെയ്യുന്നു.

വൈദികനോട് കുമ്പസാരിക്കുന്നത് സഭയോടുള്ള രമ്യതപ്പെടലാണ്. "ഞാൻ ദൈവത്തോട് പാപങ്ങൾ ഏറ്റുപറഞ്ഞുകൊള്ളാം; മനുഷ്യനായ വൈദികനോട് കുമ്പസാരിക്കേ കാര്യമില്ല" എന്നു പറയുന്നവർ കുമ്പസാരത്തിന്റെ അർത്ഥം അറിയാത്തവരാണ്. നാം ചെയ്യുന്ന ഓരോ തെറ്റും സമൂഹത്തിന് ഏല്പിക്കുന്ന വേദനയാണ്, അതുകൊ് സമൂഹത്തിന്റെ പ്രതിനിധിയും സഭയുടെ ജഡ്ജിയുമായ വൈദികനോട് കോടതിയുടെ തലത്തിൽ കുറ്റസമ്മതം നടത്തേതു്. സഭയോടും സമൂഹത്തോടുമുള്ള അനുരഞ്ജനവും ദൈവത്തിന്റെ കാരുണ്യം അനുഭവിക്കലുമാണ് കുമ്പസാരം വഴി സംഭവിക്കുന്നത്. സഭയിൽ ബലിയർപ്പിക്കേതിന് സഹോദരനോട് രമ്യതപ്പെടേതു് (മത്തായി 5 : 24).

പതിമൂന്നാം നൂറ്റാിൽ നാലാം ലാറ്ററൻ സൂനഹദോസാണ് രഹസ്യപാപമോചനം ഔദ്യോഗികമായി അംഗീകരിച്ചത്. പ്രായശ്ചിത്തം നിറവേറ്റിയതിനുശേഷമേ പാപമോചനം ലഭിക്കൂ എന്ന നിലപാടിനും ഇതോടെ മാറ്റം വന്നു. കുമ്പസാരത്തോടുകൂടിത്തന്നെ പാപമോചനവും ലഭിക്കുന്നു എന്ന ആശയം പ്രബലപ്പെട്ടു. മാര

കപാപങ്ങൾ ചെയ്തിട്ടില്ലെങ്കിലും ലഘുപാപങ്ങൾ മാത്രമേ ചെയ്തിട്ടുള്ളുയെങ്കിലും കുമ്പസാരിച്ച് കൂടുതൽ വിശുദ്ധി നേടാം എന്ന ആശയം പ്രചരിച്ചു. പക്ഷേ, മാരക പാപങ്ങൾ ചെയ്തിട്ടില്ലെങ്കിലും കുമ്പസാരിക്കാതെ കുർബാന കൈക്കൊള്ളാൻ പാടില്ലെന്ന് ധരിച്ചവശായിട്ടുള്ള ആളുകൾ ഇന്ന് ധാരാളമു്. ലഘുപാപങ്ങളേ ചെയ്തിട്ടുള്ളുയെങ്കിൽ ഉപവാസം തുടങ്ങിയ പരിത്യാഗകൃത്യങ്ങൾ, പ്രാർത്ഥന, ജീവകാരുണ്യപ്രവൃത്തികൾ മുതലായവയിലൂടെ പാപത്തിന് പരിഹാരം ചെയ്ത് കുർബാനയിൽ സംബന്ധിച്ച് കുർബാന സ്വീകരിക്കാവുന്നതാണ്. കുർബാന തന്നെയും അനുദിനമാനസാന്തരത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ഉറവിടവും പോഷണവുമാണ്. കാരണം, ദൈവവുമായി നമ്മെ രഞ്ജിപ്പിച്ച ക്രിസ്തുവിന്റെ ബലി അതിൽ സന്നിഹിതമാക്കപ്പെടുന്നു. അതിനാൽ സജീവമായ ബലിയർപ്പണത്തിലൂടെതന്നെ ലഘുപാപങ്ങൾക്ക് മോചനം ലഭിക്കുന്നു. ഓരോ കുർബാന സ്വീകരണത്തിനും മുമ്പായി കുമ്പസാരിച്ചിരിക്കണം എന്ന് തെറ്റിധരിച്ചു വച്ചിട്ടുള്ളവരുമു്. കുർബാന സ്വീകരണം കുർബാനയുമായാണ് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നത്; കുമ്പസാരവുമായല്ല. എപ്പോഴൊക്കെ കുർബാനയിൽ പങ്കെടുക്കുന്നുവോ അപ്പോഴൊക്കെ അനുഭവിക്കേ സ്നേഹവിരുന്നും ആത്മാവിന്റെ പോഷണവുമാണ് കുർബാനസ്വീകരണം.  അഗാധമായ മന:സ്താപമുായാൽപോലും മാരകപാപങ്ങൾ ചെയ്തവർ കുമ്പസാരിക്കാതെ കുർബാന കൈക്കൊള്ളാൻ പാടില്ല. അവർ കുർബാനയിൽ പങ്കെടുക്കുന്നതും അർത്ഥരഹിതമാണ്. കാരണം, മാരകപാപം ചെയ്തതിലൂടെ അവർ സഭയിലെ പൂർണ്ണ അംഗങ്ങളല്ലാതായിത്തീർന്നു. എന്നാൽ, കുമ്പസാരിക്കാനുള്ള സാദ്ധ്യതയും സൗകര്യവും ഇല്ലാതിരിക്കുകയും കുർബാന സ്വീകരിക്കാൻ ഗൗരവമായ കാരണമുായിരിക്കുകയും ചെയ്താൽ, ഒരു വ്യക്തിക്ക് കുർബാന സ്വീകരിക്കാമെന്ന് ത്രെന്തോസ് സൂനഹദോസ് നിർദ്ദേശിച്ചിട്ടു് (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, നമ്പർ 1457).

"ഞാൻ പാപമൊന്നും ചെയ്തിട്ടില്ല" എന്ന് പറഞ്ഞുകുമ്പസാരിക്കുന്ന ആളുകളു്. കുറ്റങ്ങൾ പറയാനില്ലെങ്കിൽ "കോടതി"യെ സമീപിക്കേ കാര്യമില്ല. ഒരു ലഘുപാപമെങ്കിലും ഏറ്റുപറയുന്നില്ലെങ്കിൽ അത് കുമ്പസാരമല്ല, കാരണം "പാപമോചനം" സംഭവിക്കുന്നില്ല. സഭയുടെ പാപമോചനാധികാരമാണ് കുമ്പസാരത്തിലൂടെ നിർവഹിക്കപ്പെടുന്നത്. കുമ്പസാരത്തെ കൂദാശയായി കാണുമ്പോഴും ഈ കൂദാശയുടെ "കർമ്മസാധനം" പാപമാണ്. പാപമില്ലെങ്കിൽ കുമ്പസാരമെന്ന കൂദാശ സ്വീകരണവും സംഭവിക്കുന്നില്ല.

"ഞാൻ പറയാത്തതും പറയാൻ വിട്ടുപോയതുമായ പാപങ്ങൾ എന്നോട് ക്ഷമിക്കണം" എന്ന് ചിലർ പാപങ്ങൾ ഏറ്റുപറഞ്ഞതിനുശേഷം അപേക്ഷിക്കാറു്. കോടതിയിൽ ഉന്നയിക്കാത്ത തെറ്റുകളുടെ മേൽ നടപടി ഉാവില്ല. അതിനാൽ, അങ്ങനെ അപേക്ഷിക്കുന്നത് അർത്ഥരഹിതമാണ്. ലഘുപാപമാണ് വിട്ടുപോയതെങ്കിൽ സാരമില്ല. ലഘുപാപങ്ങളെല്ലാം ഏറ്റു പറഞ്ഞിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്നില്ല. എങ്കിലും മറന്നുപോയ പാപങ്ങൾ അടുത്ത കുമ്പസാരത്തിൽ പറയാവുന്നതാണ്.  മാരകപാപങ്ങൾ ഗൗരവമേറിയവയായതുകൊ് മറന്നുപോവുക സാദ്ധ്യമല്ല. മാരകപാപങ്ങൾ നിർബന്ധമായും ഏറ്റുപറയണം. അബദ്ധവശാൽ പറയാൻ വിട്ടുപോയെങ്കിൽ കുർബാന സ്വീകരിക്കുന്നതിന് തടസ്സമില്ല; പക്ഷേ, അടുത്ത കുമ്പസാരത്തിൽ ആ പാപം പറഞ്ഞിരിക്കണം. ബോധപൂർവം പറയാതിരുന്നതാണെങ്കിൽ കൂദാശയെ അയോഗ്യമായി സ്വീകരിച്ചതിനാൽ, ദൈവദോഷം എന്ന മറ്റൊരു പാപത്തിന്റെ ഭാരം കൂടി ഉായിരിക്കുകയും പാപമോചനം ലഭിക്കാതിരിക്കുകയും ചെയ്യും. അടുത്ത കുമ്പസാരത്തിൽ ഇക്കാര്യങ്ങൾ വിശദമായി പറഞ്ഞ് പാപമോചനം നേടേ തു ് .

മന:സ്താപമില്ലാതെയുള്ള "ഭക്തിക്കുമ്പസാരം" അർത്ഥമരഹിതമാണെന്നു മാത്രമല്ല, ഫലരഹിതവുമാണ്. മന:സ്താപമെന്നത് പാപം ചെയ്തതിലുള്ള ആത്മാവിന്റെ ദു:ഖവും പാപത്തോടുള്ള വെറുപ്പും വീും പാപം ചെയ്യുകയില്ലെന്നുള്ള പ്രതിജ്ഞയുമാണ്. ദൈവത്തോടും സഭയോടും  സഹോദരനോടും രമ്യതപ്പെടാനുള്ള തീവ്രമായ അഭിലാഷമാണ് മന:സ്താപത്തിന്റെ കാതൽ. പാപങ്ങൾ വരുത്തിവച്ച നഷ്ടങ്ങൾക്കും വേദനകൾക്കും അപമാനത്തിനും നഷ്ടപരിഹാരം ചെയ്യുന്നതും മന:സ്താപത്തിന്റെ ഭാഗമാണ്; അത് കേവല നീതി ആവശ്യപ്പെടുന്നതുമാണ്. അതിനാൽ, പാപങ്ങളുടെ എണ്ണവും അവയുടെ ഗൗരവവും വൈദികനെ അറിയിക്കണം, അതിനനുസരിച്ച് പാപമോചനം ലഭിക്കാൻ. ബിസിനസിൽ ഭീമമായ തുകയുടെ ക്രമക്കേട് നടത്തിയ ആൾ "ഞാൻ കട്ടെടുത്തിട്ടു്" എന്നുമാത്രം കുമ്പസാരിച്ചാൽ ആ കുമ്പസാരം കപടക്കുമ്പസാരമാണ്;  കുറ്റത്തിനടുത്ത പാപമോചനം ലഭിക്കുന്നില്ല. വൈദികൻ കേൾക്കാതിരിക്കാൻ ഉദ്ദേശിച്ചുകൊ് പതിഞ്ഞ സ്വരത്തിൽ പറയുന്നതും വ്യക്തതയില്ലാതെ പറയുന്നതും പാപമോചനം ലഭിക്കാതിരിക്കാൻ കാരണമാകും. പാപം മറച്ചുവയ്ക്കുന്നവരും വ്യക്തമായി പറയാത്തവരും കുറ്റസമ്മതം നടത്തുന്നില്ലാത്തതുകൊ് മാപ്പു ചോദിക്കുന്നില്ല, പാപമോചനം അവർക്ക് ലഭിക്കുന്നുമില്ല. രോഗി തന്റെ മുറിവ് വൈദ്യനെ കാണിക്കാൻ ലജ്ജിക്കുന്നതുപോലെയാണിത്. വെളിപ്പെടുത്താത്ത രോഗത്തിന് ചികിത്സയില്ല.

കുമ്പസാരത്തിൽ പാപങ്ങളെല്ലാം പറഞ്ഞതിനുശേഷം "ഇത്രയൊക്കെയേ ചെയ്തിട്ടുള്ളൂ" എന്ന് പറയുന്നവരുട്. കുറെയേറെ പാപം ചെയ്യാൻ ഉദ്ദേശിച്ചിരുന്നെങ്കിലും ഇത്രയൊക്കെയേ ചെയ്യാൻ പറ്റിയുള്ളൂ എന്ന ധ്വനിയാണ് ഈ പറച്ചിലിൽ ഉള്ളത്. "ഇത്രയൊക്കെ പാപം ഞാൻ ചെയ്തു" എന്ന് പറഞ്ഞാലാണ് മന:സ്താപത്തിന്റെ സ്വരം വൈദികൻ ശ്രദ്ധിക്കുകയുള്ളൂ. "ഞാൻ നുണ പറഞ്ഞുപോയി," "ദേഷ്യപ്പെട്ടുപോയി" എന്നൊക്കെ കുമ്പസാരിക്കുന്നവർ യഥാർത്ഥ മന:സ്താപമുള്ളവരല്ല. തങ്ങൾ മന:പൂർവം ചെയ്തതല്ല എന്ന് അർത്ഥമാക്കുന്നതിനാൽ, പാപമോചനം യാചിക്കുന്നില്ല. "ഞാൻ നുണ പറയാറുട് ദേഷ്യപ്പെടാറുട്"എന്നൊക്കെപ്പറയുന്നവരിലും മന:സ്താപം ഇല്ല, കാരണം അതെല്ലാം നിസ്സാര കാര്യങ്ങളാണെന്നാണ് അവതരിപ്പിക്കുന്നത്. "ഞാൻ നുണ പറയും," "കട്ടെടുക്കും" എന്നു പറയുന്നവരും ഈ ഗണത്തിൽപ്പെടും. കുമ്പസാരം കഴിഞ്ഞാലും ഇതൊക്കെത്തന്നെ ചെയ്യുമെന്ന് അറിയിക്കുന്നതുപോലെയാണിത്. "ഞാൻ നുണ പറഞ്ഞു, ദേഷ്യപ്പെട്ടു" എന്നിങ്ങനെ ഭൂതകാലത്തിൽ പറയുമ്പോഴാണ് നിരുപാധികം കുറ്റം ഏറ്റുപറയുന്നതും പാപമോചനം ലഭിക്കുന്നതും.

മറ്റുള്ളവരിൽ പഴിചാരിക്കൊാണ് ചിലർ കുമ്പസാരിക്കുന്നത്. "എന്റെ മരുമകൾ ദേഷ്യപ്പെട്ടതിനാൽ ഞാൻ അവളെ തല്ലി" എന്നു പറയുന്ന അമ്മായിയമ്മയും മന:സ്താപമില്ലാതെ കുമ്പസാരിക്കുന്ന ആളാണ്. കുമ്പസാരത്തിൽ സ്വന്തം കുറ്റങ്ങൾ മാത്രമേ പറയാവൂ. അല്ലെങ്കിൽ സ്വന്തം കുറ്റങ്ങളെ നീതികരിക്കുന്നതിനു തുല്യമാണത്. നീതീകരണം നടത്തുമ്പോൾ പശ്ചാത്താപമില്ല എന്നാണ് മനസ്സിലാക്കുക. പശ്ചാത്താപം പാപമോചനത്തിന് ആവശ്യമാണ്.

ഒരിക്കൽ പാപമോചനം ലഭിച്ച പാപങ്ങൾ വീും വീും കുമ്പസാരിക്കാൻ പാടില്ല. കുമ്പസാരത്തിലൂടെ പൂർണ്ണമായും പാപം ക്ഷമിക്കപ്പെടുന്നു. വീും ആ പാപങ്ങൾ കുമ്പസാരിക്കുന്നത് പാപമോചനത്തിലുള്ള വിശ്വാസമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. എങ്കിലും, പൊതുധ്യാനാവസരങ്ങളിലും മറ്റും ജീവിതത്തിലെ എല്ലാ പാപങ്ങളും ഒന്നുകൂടി ഏറ്റുപറഞ്ഞ് കുമ്പസാരിക്കുന്ന പതിവുട്. സമ്പൂർണ്ണ ജീവിതനവീകരണം ഉദ്ദേശിച്ച് അങ്ങനെ ചെയ്യുന്നതിൽ തെറ്റില്ലെങ്കിലും ആരെയും അതിന് നിർബന്ധിക്കാൻ പാടില്ല. മാത്രമല്ല, കഴിഞ്ഞ കുമ്പസാരത്തിനുശേഷം ചെയ്ത ഒരു പാപമെങ്കിലും കുമ്പസാരത്തിൽ പറയുകയും വേണം.

കുമ്പസാരിക്കാൻ തുടങ്ങുമ്പോൾ, "ഞാൻ കുമ്പസാരിച്ചിട്ട് കുറെ നാളായി" എന്ന് പറയുന്നവരുട്. അങ്ങനെ പറയുന്നതുകൊ് ഒരു പ്രയോജനവും ഇല്ല. കുമ്പസാരിച്ചിട്ട് എത്രനാളായി എന്ന് വൈദികനെ അറിയിക്കേതാണ്. ഇത്രകാല ദൈർഘ്യംകൊാണ് പാപങ്ങൾ ചെയ്തതെന്ന് വൈദികൻ അറിയേത് ആവശ്യമാണ്. കുമ്പസാരിച്ചിട്ട് "കുറെ നാൾ" എന്നത് ആപേക്ഷികമാണ്, എത്രനാളായി എന്ന് എടുത്ത് ചോദിച്ചാൽ ഒരാൾ പറയുന്നത് "്‌ മാസമായി" എന്നായിരിക്കും. മറ്റൊരാളുടെ ഉത്തരം "പന്ത്രു വർഷമായി" എന്നുമായിരിക്കും. കൃത്യമായി ഓർക്കുന്നില്ലെങ്കിൽ, ഏകദേശം ഇത്രനാളായി എന്ന് അറിയിക്കണം.

"കഴിഞ്ഞ കുമ്പസാരത്തിലെ പ്രായശ്ചിത്തം ഞാൻ നിറവേറ്റി" എന്ന് കുമ്പസാരത്തിൽ പറയുന്നതും അർത്ഥരഹിതമാണ്. പ്രായശ്ചിത്തം നിറവേറ്റേത് നിർബന്ധമായ കാര്യമാണ്. അതിനാൽ, പ്രായശ്ചിത്തം നിറവേറ്റി എന്നു തന്നെയാണ് വൈദികൻ അനുമാനിക്കുന്നതും. അബന്ധവശാലോ നിവൃത്തികേടുകൊാേ പ്രായശ്ചിത്തം നിറവേറ്റിയിട്ടില്ലെങ്കിൽ അക്കാര്യം വൈദികനെ അറിയിക്കേതാണ്. പാപമോചനാശീർവാദം പാപത്തെ നീക്കം ചെയ്യുന്നെങ്കിലും പാപം ഉാക്കിയിട്ടുള്ള എല്ലാ ക്രമരാഹിത്യങ്ങളെയും അത് പരിഹരിക്കുന്നില്ല. പ്രായശ്ചിത്തം ചെയ്യുന്നതിലൂടെയാണ് ആദ്ധ്യാത്മികാരോഗ്യം പൂർണ്ണമായി വീടെടുക്കുന്നത്.

പ്രത്യേകമായ വിധത്തിൽ ഗൗരവമേറിയ ചില പാപങ്ങൾ സഭാപരമായ ഏറ്റവും കാഠിന്യമുള്ള ശിക്ഷയായ മഹറോൻ ശിക്ഷക്ക് അർഹമാണ്. അത് കൂദാശകളുടെ സ്വീകരണത്തെയും സഭാപരമായ ചില കർമ്മാനുഷ്ഠാനങ്ങളെയും തടയുന്നു. കാനൻ നിയമമനുസരിച്ച്, മാർപാപ്പയ്ക്കോ സ്ഥലത്തെ മെത്രാനോ മെത്രാൻ അധികാരപ്പെടുത്തിയ വൈദികർക്കോ അല്ലാതെ വേറെ ആർക്കും അത്തരം പാപങ്ങൾ മോചിക്കാൻ അധികാരമില്ല. എങ്കിലും, മരണകരമായ അപകടത്തിൽ, ഏതുപാപവും മഹറോനും മോചിക്കാൻ ഏതു വൈദികനും - കുമ്പസാരം കേൾക്കാനുള്ള അനുവാദം നിഷേധിക്കപ്പെട്ട വൈദികനുപോലും - അധികാരമുട് (CIC.c 976, CCEO.c. 725). ഉദാഹരണത്തിന്, ഭ്രൂണഹത്യ എന്ന ഗൗരവമായ പാപം മോചിക്കുന്നതിനുള്ള അധികാരം മെത്രാനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. മെത്രാൻ പ്രത്യേകം ചുമതലപ്പെടുത്തുന്ന വൈദികർക്ക് ഈ അധികാരം ഉപയോഗിക്കാം. സീറോ മലബാർസഭയിൽ നോമ്പുകാലങ്ങൾ, ധ്യാനാവസരങ്ങൾ, ഇടവകയുടെ പ്രധാനതിരുന്നാൾ, ബൈബിൾ കൺവെൻഷൻ അതുപോലുള്ള വിശേഷാവസരങ്ങളിൽ ഈ പാപമോചനാധികാരം മറ്റ് വൈദികർക്കും നല്കിക്കൊ് 1994-ൽ സിനഡ് കല്പന പുറപ്പെടുവിച്ചിട്ടുട്. മെത്രാന്റെ പക്കൽ കുമ്പസാരിക്കാൻ പോകുന്നതിന് ഗൗരവമായ തടസ്സങ്ങളുന്നെ് മനസ്സിലാക്കിയാൽ മറ്റവസരങ്ങളിൽ ഈ പാപത്തിൽനിന്ന് മോചനം നല്കാൻ എല്ലാ വൈദികർക്കും അധികാരം നല്കിയിട്ടുട്.

കുമ്പസാരിക്കുന്ന ആൾ ഈ പാപത്തിന്റെ ഗൗരവം മനസ്സിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേഷമേ പാപം മോചിക്കാവൂ.

പൂർണ്ണമന:സ്താപത്തോടെ കുമ്പസാരിക്കുന്നവർക്ക് മന:സാക്ഷിയുടെ സ്വച്ഛതയും സമാധാനവും ആദ്ധ്യാത്മികമായ ശക്തിയും ലഭിക്കുന്നു; അവർ മരണത്തിൽനിന്ന് ജീവനിലേക്ക് കടക്കുന്നു; ശിക്ഷാവിധിയിൽ ഉൾപ്പെടുന്നില്ല.